# ബഹു.മുഖ്യമന്ത്രിയുടെ കോവിഡ് 19 പ്രതിദിന വാർത്താ സമ്മേളനത്തിന്റെ മിനിറ്റ്സ്

**2020 ജൂൺ 08 വൈകുന്നേരം 4.00 മണി**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി, ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**

ഇന്ന് കേരളത്തിൽ 91 പേർക്ക് കൊവിഡ്19 രോഗം സ്ഥിരീകരിച്ചു. തൃശൂർ ജില്ലയിൽ നിന്നും 27 പേർക്കും, മലപ്പുറം ജില്ലയിൽ നിന്നും 14 പേർക്കും, കോഴിക്കോട് ജില്ലയിൽ നിന്നും 13 പേർക്കും , കാസർഗോഡ് ജില്ലയിൽ നിന്നും 8 പേർക്കും, കൊല്ലം, ആലപ്പുഴ ജില്ലകളിൽ നിന്നും 5 പേർക്ക് വീതവും, കണ്ണൂർ ജില്ലയിൽ നിന്നും 4 പേർക്കും, തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, എറണാകുളം ജില്ലകളിൽ നിന്നും 3 പേർക്ക് വീതവും, വയനാട് ജില്ലയിൽ നിന്നും 2 പേർക്കും , പാലക്കാട് ജില്ലയിൽ നിന്നും ഒരാൾക്കുമാണ് രോഗം സ്ഥിരീകരിച്ചത്. രോഗം സ്ഥിരീകരിച്ച് തൃശൂർ ജില്ലയിൽ ചികിത്സയിലായിരുന്ന ഒരാൾ ഇന്ന് മരണമടഞ്ഞു. തൃശൂർ ജില്ലയിൽ ഇന്നലെ മരണമടഞ്ഞ ഒരു വ്യക്തിയുടെ സാമ്പിൾ കോവിഡ്-19 രോഗബാധ സ്ഥിരീകരിക്കുന്നതിനായി എൻ ഐ വി ആലപ്പുഴയിലേയ്ക്ക് അയച്ചിട്ടുണ്ട്.

അതിനുശേഷം ആരോഗ്യവകുപ്പിന്റെ രോഗനിയന്ത്രണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ രാജൻ ഖോബ്രഗഡെ വിശദീകരിക്കുകയുണ്ടായി

**ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഡോ. രാജൻ ഖോബ്രഗാഡെ ഐഎഎസ്**

ഇന്ന് കേരളത്തിൽ 91 പേർക്ക് രോഗം സ്ഥിരീകരിച്ചു. ഇതുവരെ 2005 പേർക്കാണ് കേരളത്തിൽ കൊവിഡ്19 രോഗം സ്ഥിരീകരിച്ചിട്ടുള്ളത്. ലോകം മുഴുവനും 6912751 പേർക്കാണ് ഇതുവരെ രോഗം സ്ഥിരീകരിച്ചിട്ടുള്ളത്. ഇന്ത്യയിൽ 249410 പേർക്കാണ് രോഗം സ്ഥിരീകരിച്ചത്. 7200 രോഗികൾ മരണമടഞ്ഞു. കേരളത്തിൽ നിലവിൽ 1175 രോഗികളാണ് രോഗം സ്ഥിരീകരിച്ച് ചികിത്സയിലുള്ളത്. 16 പേർ ഇതുവരെ മരണപ്പെട്ടു. 815 പേർ ഇതുവരെ രോഗവിമുക്തി നേടിയിട്ടുണ്ട്. അതിനുശേഷം അദ്ദേഹം കോവിഡ് 19 രോഗികളുടെ ഇപ്പോഴത്തെ അവസ്ഥയെപ്പറ്റിയും 15 പേർ ഐസിയുവിൽ ആണ് എന്നുള്ള കാര്യവും യോഗത്തെ അറിയിച്ചു. പോസിറ്റീവ് കേസുകളെപ്പറ്റി വിശദമായ ഒരു അവലോകനം അദ്ദേഹം നടത്തുകയുണ്ടായി. ചെക്ക്പോസ്റ്റുകളിൽ കൂടിയും കപ്പലിലൂടെയും, വിമാനങ്ങളിലൂടെയും കേരളത്തിലെത്തിയവരുടെ കണക്കും അതിൽ വീടുകളിലും ഇൻസ്റ്റിറ്റ്യൂഷനുകളിലും നിരീക്ഷണത്തിലുള്ളവരുടെയും അതിൽ ഉൾപ്പെട്ടിട്ടുള്ള കുട്ടികളുടെയും ഗർഭിണികളുടെയും കണക്കും അദ്ദേഹം വിശദീകരിച്ചു.

രോഗം ബാധിച്ച ആരോഗ്യ പ്രവർത്തകരുടെ വിവരം അറിയിച്ചു. 24 മണിക്കുറിൽ 3827 സാമ്പിളുകൾ പരിശോധിച്ചതിൽ 91 പേരുടെ ഫലം പോസിറ്റീവ് ആയി. പി സി ആർ കിറ്റുകൾ 74871, ആർ എൻ എ എക്സ്ട്രാക്ക്ഷൻ കിറ്റ് 146125, ഡാക്രോൺ സ്വാബ് 111784

സ്‌റ്റോക്ക് ഉണ്ട്. ആന്റിബോഡി ടെസ്റ്റിംഗ് ഇന്ന് ആരംഭിച്ചു. ഇതിൽ 3 ജില്ലകളിൽ ആരോഗ്യ പ്രവർത്തകരുടെ സാമ്പിളുകൾ ആണ് പരിശോധിക്കുന്നത്. ഇ സഞ്ജീവനി ടെലി മെഡിസിൻ പരിപാടി നാളെ ആരംഭിക്കും.

ടെലി മെഡിസിൻ പരിപാടിക്ക് വേണ്ടി ആർക്കെല്ലാമാണ് പരിശീലനം നൽകിയത് എന്ന ബഹു. മുഖ്യമന്ത്രിയുടെ ചോദ്യത്തിന് മറുപടിയായി, സർക്കാർ ഡോക്ടർമാരെ കൂടാതെ 8 താൽകാലിക ഡോക്ടർമാരെ കൂടി ഇതിനായി നിയോഗിച്ചിട്ടുണ്ടെന്നും. ആവശ്യം വന്നാൽ ഐ എം എ ഡോക്ടർമാരെ കൂടി ഇതിനായി ഉപയോഗിക്കാം എന്നും ദേശിയ ആരോഗ്യ ദൗത്യം ഡയറക്ടർ അറിയിച്ചു.

**<u>ചീഫ് സെക്രട്ടറി, ഡോ. വിശ്വാസ് മേത്ത ഐ എ എസ്</u>**

ഇതുവരെ രണ്ട് ലക്ഷത്തോളം ആൾക്കാരാണ് കേരളത്തിലേക്ക് തിരിച്ചെത്തിയത്. ഏറ്റവും അധികം ആൾക്കാർ എത്തിയത് റോഡ് മാർഗ്ഗവും ട്രെയിൻ മാർഗ്ഗവുമാണ്. തിരിച്ചെത്തിയവരിൽ 35 ശതമാനത്തോളം പേർ തമിഴ്നാട്ടുകാരും 26 ശതമാനത്തോളം പേർ കർണാടക കാരുമാണ്. അന്യ രാജ്യങ്ങളിൽ നിന്ന് കേരളത്തിലേക്ക് എത്തിയവരിൽ 45 ശതമാനത്തോളം 3 രാജ്യങ്ങളിൽ നിന്നുള്ളവരാണ്.

ഇതുവരെ 181 ഓളം ട്രെയിനുകൾ രണ്ട് ലക്ഷം അതിഥി തൊഴിലാളികളെക്കൊണ്ട് അവരുടെ സംസ്ഥാനങ്ങളിലേക്ക് പോയിട്ടുണ്ട്. ഏറ്റവുമധികം ട്രെയിനുകൾ പോയത് ബംഗാളിലേക്ക് ആണ്. ഇന്ന് 197000 ആൾക്കാർ സർവൈലൻസ് ഉണ്ട്.

രോഗം ഇനിയും വർദ്ധിക്കാൻ സാധ്യത ഉള്ളതിനാൽ പിസിആർ കിറ്റുകളുടെ ക്ഷാമം ഒരു കാരണവശാലും ഉണ്ടാകാൻ പാടില്ല

ആരോഗ്യ വകുപ്പുമായി സഹകരിച്ച് പ്രവർത്തിക്കുന്ന വോളണ്ടിയർമാരുടെ ലിസ്റ്റ് അടുത്ത് അവലോകനയോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്

**<u>വിദഗ്ദ്ധ സമിതി ചെയർപേഴ്സൺ, ഡോ. ബി. ഇക്ബാൽ</u>**

ആരോഗ്യ പ്രവർത്തകരുടെ ക്വാറന്റയിനുമായി ബന്ധപ്പെട്ട് ചില തർക്കങ്ങൾ നിലനിൽക്കുന്നുണ്ട്.

മുൻപ് അനുവദിച്ചിരുന്ന തരത്തിൽ അവർക്ക് 14 ദിവസം ക്വാറന്റയിൻ നൽകിയാൽ രോഗികൾ വർദ്ധിച്ചു വരുന്ന ഈ സാഹചര്യത്തിൽ ആരോഗ്യ പ്രവർത്തകരുടെ ക്ഷാമം നേരിടാൻ സാധ്യതയുണ്ട്. ആയതിനാൽ ജീൻ എക്സ്പെർട്ട് ടെസ്റ്റ് നടത്തി രണ്ടുമൂന്ന് ദിവസം അവധി നൽകി അവരെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്ന കാര്യം പരിശോധിക്കേണ്ടതാണ്.

ഫീൽഡ് ഹെൽത്ത് സ്റ്റാഫുകളെ കൂടുതൽ ആരോഗ്യയിതര പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നത് കാരണം അവർക്ക് ആരോഗ്യസംബന്ധിയായ പ്രവർത്തനങ്ങളിൽ ഇടപെടാൻ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. പകർച്ചവ്യാധികൾ വർദ്ധിച്ചു വരുന്ന ഈ സാഹചര്യത്തിൽ ആരോഗ്യ മേഖലയിലെ വൈദഗ്ധ്യം ആവശ്യമില്ലാത്ത ജോലികൾക്കായി വിനിയോഗിക്കുന്നതിന് വേണ്ടി മറ്റ് വകുപ്പികളിലുള്ള ഇതര ജീവനക്കാരെ ഉപയോഗിക്കാൻ ആകുമോ എന്ന് പരിശോധിക്കുന്നത് നന്നാവും.

ആരോഗ്യപ്രവർത്തകർക്ക് രോഗം സ്ഥിരീകരിക്കുന്നത് ഗൗരവമേറിയ കാര്യമാണ്. രോഗം സ്ഥിരീകരിക്കപ്പെട്ട ആശുപത്രികളിൽ ഇൻഫെക്ഷൻ കൺട്രോൾ പ്രവർത്തനങ്ങളിൽ തെറ്റ് സംഭവിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. മാത്രമല്ല ഇവിടങ്ങളിൽ ജീവനക്കാർക്ക് കൂടുതൽ ഊർജ്ജിതമായി ആന്റി മൈക്രോബിയൽ റസിസ്റ്റൻഡ്, ഇൻഫെക്ഷൻ കൺട്രോൾ എന്നീ മേഖലകളിൽ വൈദഗ്ധ്യമുള്ളവരെ ഉപയോഗിച്ചു പരിശീലനം നൽകേണ്ടത് അത്യാവശ്യമാണ്.

ജീൻ എക്സ്പെർട്ട് ടെസ്റ്റിംഗ് മാർഗ്ഗ നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട തർക്കങ്ങൾ നിലനിൽക്കുന്നുണ്ട്. എമർജൻസി ശസ്ത്രക്രിയക്കായി ഇത് ഉപയോഗിക്കുമ്പോൾ എൻഡോസ്കോപ്പി, ഡെന്റൽ എന്നീ വിഭാഗങ്ങളെ കൂടി ഉൾപ്പെടുത്തണം എന്ന് അവർ ആവശ്യപ്പെടുന്നുണ്ട്. നേത്രരോഗ ശസ്ത്രക്രീയക്ക് ഇത് ഉപയോഗിക്കുന്ന ഒഴിവാക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. ഇത് പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കേണ്ടതാണ്.

ആന്റിബോഡി ടെസ്റ്റുകൾ ചെയ്യുമ്പോൾ ഐ ജി എം പോസിറ്റീവായി കണ്ടാൽ അവരിൽ പിസിആർ പരിശോധന ചെയ്യേണ്ടതാണ്. ആയതിനാൽ കൂടുതൽ പിസിആർ ടെസ്റ്റ് കിറ്റുകൾ സ്റ്റോക്ക് അത്യാവശ്യമാണ്.

**ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് സെക്രട്ടറി, ശ്രീ. വേണുഗാപാൽ ഐ എ എസ്**

പ്രവർത്തനം സാധാരണ നിലയിൽ തുടരുന്നുണ്ട് ഒരു സാധനങ്ങളുടെയും ക്ഷാമം ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല .

**മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ചയ്ക്കു ശേഷം ബഹു. മുഖ്യമന്ത്രി അദ്ദേഹത്തിന്റെ തീരുമാനം യോഗത്തെ അറിയിച്ചു.**

1. രോഗം പിടിപെട്ടവരിൽ രോഗത്തിന്റെ ഉറവിടം മനസ്സിലാകാത്ത ആൾക്കാരുടെ പട്ടിക കൃത്യമായി തയ്യാറാക്കുകയും അവർക്ക് രോഗബാധ പിടിപെട്ട സാഹചര്യവും എവിടെ നിന്നാണ് പിടിപെട്ടത് എന്നതും കൃത്യമായി അവലോകനം ചെയ്യേണ്ടതാണ്. കൊല്ലം, കോട്ടയം, കോഴിക്കോട് ജില്ലകളിൽ ഉള്ളവർക്ക് ഇത്തരത്തിൽ ഉറവിടം മനസ്സിലാവാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ഇത് അടിയന്തിരമായി പരിശോധിക്കണം **(ചുമതല - ആരോഗ്യ വകുപ്പ്)**
2. ആരോഗ്യ പ്രവർത്തകരുടെ രോഗബാധ വളരെ ആശങ്കപ്പെടുത്തുന്നതാണ്. ഇവർക്ക് എന്ത് സാഹചര്യത്തിലാണ് രോഗം പിടിപെട്ടത് എന്ന് മനസ്സിലാക്കാൻ വിദഗ്ധ സംഘം ഈ രോഗം പിടിപെട്ട ആശുപത്രികൾ സന്ദർശിക്കുകയും അവിടെ നടക്കുന്ന പ്രവർത്തനങ്ങളിൽ എന്തെങ്കിലും അപാകതകളോ, ന്യൂനതകളോ ഉണ്ടോയെന്നും പരിശോധിക്കേണ്ടതാണ്. **(ചുമതല - ആരോഗ്യ വകുപ്പ്)**
3. ആന്റി ബോഡി പരിശോധന ആരംഭിച്ചത് നല്ലതുതന്നെ. എന്നാൽ പി സി ആർ കിറ്റുകളുടെ ലഭ്യത നാം ഉറപ്പുവരുത്തേണ്ടതാണ്. **(ചുമതല - കെ എം എസ് സി എൽ)**
4. ഇന്നുമുതൽ സർക്കാർ ഓഫീസുകളിൽ എല്ലാ ജീവനക്കാരും എത്തിച്ചേരാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അവർക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിനു വേണ്ടി വർക്കിങ് വിമൻസ് ഹോസ്റ്റൽ മറ്റും തുറന്നു പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്, ജില്ലാ കളക്ടർമാർ)**

5. തമിഴ്നാട്ടിൽ അടുത്ത ആഴ്ച 10 ,11 ക്ലാസ്സുകളുടെ പരീക്ഷ ആരംഭിക്കുന്നുണ്ട്. ഇടുക്കിയിലും മറ്റ് ജില്ലകളിലും ഇത്തരത്തിൽ പരീക്ഷയെഴുതുന്ന കുട്ടികളുണ്ടെങ്കിൽ തമിഴ്നാട്ടിലേക്ക് യാത്ര ചെയ്യാൻ പ്രത്യേക സംവിധാനം കളക്ടർമാരും പോലീസും ചേർന്ന് ഒരുക്കേണ്ടതാണ്. കെഎസ്ആർടിസി ബസ് ഇതിനായി ഏർപ്പാട് ആക്കണമോ എന്ന് പരിശോധിക്കേണ്ടതാണ്. **(ചുമതല - ആഭ്യന്തര, ഗതാഗത വകുപ്പ്)**
6. കേരളത്തിലേയ്ക്കെത്തുന്ന കാലിത്തീറ്റയിൽ കല്ലും മണ്ണും പാറ പൊടിയും കലർന്ന് വരുന്നു എന്ന വിവരം ലഭിച്ചിട്ടുണ്ട്. ഇത് പരിശോധിക്കണം. **(ചുമതല - മൃഗസംരക്ഷണ വകുപ്പ്)**
7. വില്ലേജ് ഓഫീസുകളിൽ ഇപ്പോൾ ക്രമാതീതമായ തിരക്ക് അനുഭവപ്പെടുന്നതായി റിപ്പോർട്ടുകളുണ്ട്. 65 വയസ്സിനു മുകളിൽ പ്രായമുള്ളവർ ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ പാലിക്കാതെ ഇവിടെ സന്ദർശിക്കുന്നു എന്നും റിപ്പോർട്ടുകൾ ഉണ്ട്. ഇത് പരിശോധിച്ച് കൃത്യമായ നടപടിയും ബോധവൽക്കരണവും നടത്തേണ്ടതാണ്. **(ചുമതല - റവന്യൂ വകുപ്പ്)**
8. തട്ടുകടകളിലും ആവശ്യമായ സുരക്ഷാക്രമീകരണങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന കാര്യം പോലീസ് പരിശോധിക്കുകയും ഇവിടങ്ങളിൽ മാസ്ക്, കൈയുറ, സാനിറ്റൈസർ, കൈകഴുകാൻ ശുദ്ധജലം എന്നിവയുടെ ലഭ്യതയും ഉപയോഗവും ഉറപ്പുവരുത്തേണ്ടതാണ് **(ചുമതല - ആഭ്യന്തര, തദ്ദേശസ്വയംഭരണ വകുപ്പ്)**
9. കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് ഏറ്റെടുത്തിട്ട് ഇതുവരെ ഓ പി സേവനം മാത്രമാണ് സൗജന്യമായി നൽകുന്നത്. ഇത് പരിശോധിക്കേണ്ടതാണ്. **(ചുമതല - ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്)**
10. നഴ്സുമാരുടെ ക്വാറന്റയിൻ കാലാവധി വെട്ടിക്കുറച്ചതിനെതിരെ കരിദിനം ആചരിച്ചു എന്ന് വിവരം ലഭിച്ചിട്ടുണ്ട്. ഇവരുടെ ക്വാറന്റയിൻ കാലാവധി സംബന്ധിച്ച് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. കൂടാതെ ജീൻ എക്സ്പെർട്ട് പരിശോധന നടത്തി അവരെ തിരിച്ചു ജോലിക്ക് അയക്കാൻ ആകുമോ എന്ന കാര്യം കൂടി പരിശോധിക്കേണ്ടതാണ്. **(ചുമതല - ആരോഗ്യ വകുപ്പ്)**
11. അവലോകനയോഗത്തിൽ അവതരിപ്പിക്കുന്നതിനു മുൻപ് തന്നെ കണക്കുകൾ ചാനലുകൾ റിപ്പോർട്ട് ചെയ്യുന്നതായും അതോടൊപ്പം കണക്ക് മറച്ചുവെയ്ക്കുന്നു എന്ന രീതിയിൽ പ്രചരണവും നടക്കുന്നുണ്ട്. ഇത് പരിശോധിക്കണം. **(ചുമതല - പി ആർ ഡി വകുപ്പ്)**
12. ഓൺലൈനായി പഠനം ആരംഭിച്ചപ്പോൾ കമ്പ്യൂട്ടറുകൾക്കും, ടാബ്ലറ്റുകൾക്കും വലിയ വിലയാണ് കടകൾ ഈടാക്കുന്നത് എന്ന വിവരം ലഭിക്കുന്നുണ്ട്. പോലീസ് ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് **(ചുമതല - ആഭ്യന്തര, വ്യവസായ വകുപ്പ്)**
13. നാം ഒരു മഹാമാരിയെ നേരിട്ട് കൊണ്ടിരിക്കുമ്പോൾ സ്വകാര്യ മേഖലയെക്കൂടി ഉൾപ്പെടുത്തി സഹകരിപ്പിക്കുന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മുൻപ് പലതവണ ഇത്തരം നിർദ്ദേശം നല്കിയിരുന്നെങ്കിലും ഇതിന് വേണ്ടത്ര പരിഗണനയോ, പുരോഗതയോ കാണുന്നില്ല. **(ചുമതല - ആരോഗ്യ വകുപ്പ്)**
14. ഗ്രാമീണ മേഖലകളിൽ മൊബൈൽ ക്ലിനിക് തുടങ്ങുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കിയിരുന്നു. എന്നാൽ ഇതിലും പുരോഗതി കാണുന്നില്ല. നമുക്ക് സ്വകാര്യമേഖലയെകൂടി കൂടെകൂട്ടാൻ സാധിക്കണം. ഇതിനായി ആവശ്യമായ പ്രവർത്തനങ്ങളും നടപടികളും സ്വീകരിക്കേണ്ടതാണ്. ചില പ്രത്യേക രോഗമുള്ള ആൾക്കാർക്ക് സ്വകാര്യ ആശുപത്രികളിൽ തന്നെ ചികിത്സ ആവശ്യമാണ്. ആയതിനാലും ഇത് വളരെ പ്രധാനമാണ്. ഈ കാര്യങ്ങളെല്ലാം മുൻ നിർത്തി

സന്നദ്ധതയുള്ള സ്വകാര്യ ആശുപത്രികൾ കൂടി ഉൾപ്പെടുത്താൻ സാധിക്കുമോ എന്നുകൂടി പരിശോധിക്കേണ്ടതാണ്. **(ചുമതല - ആരോഗ്യ വകുപ്പ്)**

15. ആരോഗ്യ വോളന്റിയർമാരെ ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ നാം വിമുഖത കാട്ടേണ്ട കാര്യമില്ല. ഇത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. **(ചുമതല - ആരോഗ്യ വകുപ്പ്)**
16. ഇൻഫെക്ഷൻ കൺട്രോളുമായി ബന്ധപ്പെട്ട കൃത്യമായ പരിശീലനം ആരോഗ്യവകുപ്പ് ജീവനക്കാർക്ക് നൽകിയിട്ടുണ്ടെങ്കിലും ഇത് പുതുക്കി നൽകുന്നത് പരിശോധിക്കേണ്ടതാണ്. **(ചുമതല - ആരോഗ്യ വകുപ്പ്)**
17. ശസ്ത്രക്രിയയ്ക്ക് മുമ്പായി ആർക്കൊക്കെ ജീൻ എക്സ്പെർട്ട് പരിശോധന നൽകണം എന്ന കാര്യം ആരോഗ്യവകുപ്പ് പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതാണ്. **(ചുമതല - ആരോഗ്യ വകുപ്പ്)**
18. ആരാധനാലയങ്ങൾ തുറക്കുന്നത് സംബന്ധിച്ച് ആരോഗ്യകരമായ എതിർപ്പ് പൊതുജനങ്ങളുടെ ഇടയിൽ നിന്ന് വരുന്നതായി ശ്രദ്ധിച്ചിട്ടുണ്ട്. പല ആരാധനാലയങ്ങളും ജൂൺ 30 വരെ തുറക്കുന്നില്ല എന്ന് സ്വമേധയാ തീരുമാനമെടുത്തിട്ടുണ്ട്. ആയതിനാൽതന്നെയും ഈ കാര്യത്തിൽ നമുക്ക് പുനർ ചിന്തനം വേണ്ടിവരും. തുറക്കുന്ന ആരാധനാലയങ്ങളിലെ ക്രമീകരണങ്ങൾ സംബന്ധിച്ച പൊതുനിലപാട് നമ്മൾ വ്യക്തമാക്കുന്നതാണ് നല്ലത്. ഏതൊക്കെ ആരാധനാലയങ്ങളാണ് തുറക്കുന്നത്, എത്ര പേർ അവിടെ സന്ദർശിക്കുന്നു എന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. **(ചുമതല - പൊതുഭരണ, ദേവസ്വം വകുപ്പ്)**

യോഗം 4.50 ന് അവസാനിച്ചു.

അടുത്ത യോഗം വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് നടത്താം

9/6/20

പിണറായി വിജയൻ
മുഖ്യമന്ത്രി

**അനുബന്ധം 1**

അദ്ധ്യക്ഷൻ: ബഹു. മുഖ്യമന്ത്രി

പങ്കെടുത്തവർ:

1. ബഹു. ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി
2. ചീഫ് സെക്രട്ടറി
3. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
4. സ്റ്റേറ്റ് പോലീസ് ചീഫ്
5. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
6. അഡീഷണൽ ചീഫ് സെക്രട്ടറി കാർഷിക വികസനം
7. അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ വകുപ്പ്
8. അഡീഷണൽ ചീഫ് സെക്രട്ടറി വനം വകുപ്പ്
9. അഡീഷണൽ ചീഫ് സെക്രട്ടറി ലേബർ വകുപ്പ്
10. അഡീഷണൽ ചീഫ് സെക്രട്ടറി പൊതുമരാമത്ത് വകുപ്പ്
11. ഡയറക്ടർ ജനറൽ ഫയർ ആന്റ് റസ്ക്യൂ
12. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
13. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം
14. പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗതം വകുപ്പ്
15. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
16. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
17. അഡീഷണൽ ഡി ജി പി ഇന്റലിജൻസ്
18. സെക്രട്ടറി, ധനകാര്യം
19. സെക്രട്ടറി, ഊർജ്ജ വകുപ്പ്
20. സെക്രട്ടറി, ടൂറിസം വകുപ്പ്
21. സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ വകുപ്പ്
22. സെക്രട്ടറി, വ്യവസായ വകുപ്പ്
23. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ മിഷൻ
24. മുഖ്യമന്ത്രിയുടെ സെക്രട്ടറി
25. ചെയർ പേഴ്സൺ, എക്സ്പെർട്ട് കമ്മിറ്റി
26. ഡി ജി ഇ, തിരുവനന്തപുരം
27. മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണ അതോറിറ്റി
28. മറ്റുള്ളവർ